അബ്ദുൾറഷീദ്. പി.കെ.
II BSc Chemistry

രാജേഷ് പി.പി.
II BSc Botany

# കാടിന്റെ മക്കൾ പറയുന്നു...

> ഡോ: വെരിയർ എൽവിൻ പറയുന്നു. "ഭാരതത്തിൽ ആദിവാസികളൊഴികെ മറ്റെല്ലാവരും യഥാർത്ഥത്തിൽ വിദേശികളാണ്' പക്ഷേ സ്വന്തം മണ്ണിൽ അന്യരായി ജീവിക്കാൻ അവർ വിധിക്കപ്പെട്ടു".

ഞങ്ങൾ എന്തു ചെയ്യണം?
നിങ്ങൾ ഭൂമിയിൽ പോയി ഇഷ്ടമുള്ളതുപോലെ ജീവിക്കുക,
നിങ്ങൾക്ക് ഞാനുണ്ട്.

ഇത് ആദിവാസികളുടെ കലാരൂപമായ ഗദീകയിലെ ഏതാനും വരികളുടെ മലയാള പരിഭാഷ.

ഇന്ന് അവരുടെ ദൈവങ്ങൾ അവർക്കു മുമ്പിൽ അരുളപ്പെടുന്നതാണ് പ്രമേയം.

ഗദ്ദികയിലെ വാക്കുകൾ വെറും സ്മരണകൾ മാത്രമായി, സ്വന്തം മണ്ണും, അതിൽ ഉടലെടുത്ത തങ്ങളുടെ സംസ്കൃതിയും അന്യംനിന്നു പോകുന്നത് ആദിവാസി വേദനയോടെ അറിയുന്നു. വിദേശിയായ ഡോ: വെരിയർ എൽവിൻ പറയുന്നു. "ഭാരതത്തിൽ ആദിവാസികളൊഴികെ മറ്റെല്ലാവരും യഥാർത്ഥത്തിൽ വിദേശികളാണ്' പക്ഷേ സ്വന്തം മണ്ണിൽ അന്യരായി ജീവിക്കാൻ അവർ വിധിക്കപ്പെട്ടു".

ഇന്നവർക്ക് പറയാനുണ്ട് ഒട്ടേറെ.

തങ്ങളുടെ ജീവിതത്തെപ്പറ്റി, ജീവിതനിലവാരത്തെപ്പറ്റി.

വയനാട്ടിലെ പ്രസിദ്ധമായ വള്ളിയൂർക്കാവിനടുത്താണ് ചോലവയൽ കോളനി. വിദ്യാഭ്യാസപരമായും സാസ്കാരികമായും മറ്റു ആദിവാസി വിഭാഗങ്ങളേക്കാൾ മുന്നിൽനിൽക്കുന്ന കുറിച്യരാണ് ഈ പ്രദേശത്ത് ഏറെയും.

ഇവരുടെ പിൻമുറക്കാർ പഴശ്ശിയുടെ സൈനികരായിരന്നതിനാലും, ജീവിതരീതിയിലുള്ള മാറ്റം കാരണവും ഇവർ മറ്റു വിഭാഗങ്ങളോട് ഒരു ബ്രാഹ്ണ്യ മനോഭാവം വച്ചു പുലർത്തുന്നവരാണ്.

കോളനിയിലെ വിദ്യാഭ്യാസ നിലവാരത്തെപ്പറ്റി മുതിർന്ന ആദിവാസിയായ കേളുവിന്റെ അഭിപ്രായം ഇങ്ങനെ.

സാമ്പത്തിക പ്രശ്നങ്ങൾ കാരണം 8-ാം ക്ലാസിന് മേൽ പഠിക്കുന്നവർ കുറവാണ്.




കോളനി ജീവിതവും തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് തടസ്സം നിൽക്കുന്നുവെന്ന അഭിപ്രായക്കാരനാണ് കാളൻ. കാരണം മറ്റു കുട്ടികളെല്ലാം കളിക്കുന്നത് കാണുമ്പോൾ സ്വാഭാവികമായും സ്കൂളിൽ പോവുന്ന കുട്ടിക്ക് സ്കൂളിൽ പോവാൻ താത്പര്യക്കുറവ് കാണുന്നു.

സാക്ഷരതാപ്രവർത്തനം നല്ലരീതിയിൽ നടന്നതായി അതേ കോളനിയിലെതന്നെ മോഹനൻ വിലയിരുത്തുന്നു. മോഹനൻ ഒരു കെട്ടിടനിർമ്മാണ തൊഴിലാളിയാണ്.

സ്കൂളിലെ ഉച്ചക്കഞ്ഞി സംവിധാനം തങ്ങളുടെ ഇടയിലെ ജാതി വേർതിരിവിനെ ഇല്ലാതാക്കാൻ സഹായിച്ച ഒരു വൻ വിപ്ലവമായി മോഹനൻ പറയുന്നു. ഈ കോളനി

യിൽ 10-ാം ക്ലാസ് പാസായവരായി ആരുംതന്നെ ഇല്ല. പഠനത്തിന്റെ കാര്യത്തിൽ ആൺകുട്ടികൾ അലസമനോഭാവം കാണിക്കുന്നുവെങ്കിൽ പെൺകുട്ടികൾ പഠിക്കാനാഗ്രഹിക്കുന്നു.

ഒരു സാമൂഹ്യപ്രവർത്തകൻ കൂടിയായ മോഹനൻ വീടിനോട് ചേർന്ന് ഒരു നേഴ്സറി നടത്തുന്നു



ണ്ട്. 22-ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നതായിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നേട്ടങ്ങളൊന്നും ആദിവാസികോളനികളിൽ ഇനിയും എത്തിയിട്ടില്ലെന്ന് മോഹനനൻ പറയുന്നു.

തന്റെ സമൂഹത്തെ ബാധിച്ചിരിക്കുന്ന ഒരു മഹാവ്യാധിയായി മദ്യാപാനത്തെ മോഹനൻ കാണുന്നു. കേരളത്തിൽ ചാരായം നിരോധിച്ചെങ്കിലും അതിർത്തി പ്രദേശമായ ബാവലിയിൽ പോയാൽ ഇഷ്ടംപോലെ ചാരായം കിട്ടുന്നത്കൊണ്ട് പകലന്തിയോളം അദ്ധ്വാനിച്ചുണ്ടാകുന്ന കാശ് അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു.

തിരുനെല്ലി.........

വാർത്താമാധ്യമങ്ങളിലെ കോളങ്ങളിൽ നല്ലൊരു ഭാഗം ഈ അടുത്തകാലത്ത് തിരുനെല്ലി നിറഞ്ഞുനിന്നത് നമ്മൾ മറന്നിട്ടില്ല.

ഉച്ചക്ക് ഒരു മണിയോടെ തിരുനെല്ലിയിൽ വാഹനമിറങ്ങിയപ്പോൾ നേരിയ ചാറൽമഴയുടെ അകമ്പടിയോടെ വിട്ടുമാറാൻ മടിച്ചുനിന്ന കോടമഞ്ഞിന്റെ ശകലങ്ങൾ അങ്ങിങ്ങ് കാണാമായിരുന്നു. കുടകുമലയുടെ താഴ്വാരത്തിൽ കരിങ്കല്ലിൽതീർത്ത പ്രസിദ്ധമായ തിരുനെല്ലിക്ഷേത്രവും, ഒറ്റക്കും ചെറുസംഘങ്ങളായും ക്ഷേത്രത്തിലേക്ക് കയറിപ്പോവുന്ന തീർത്ഥാടകരുമായാൽ തിരുനെല്ലി എന്ന പ്രകൃതിരമണീയമായ ചിത്രമായി.

ആദിവാസി കോളനികളിലേക്ക് ഞങ്ങൾ കയറിച്ചെന്നപ്പോൾ കുടിലിനുള്ളിൽനിന്നും സംശയത്തോടെ പുറത്തേക്ക് നീളുന്ന കണ്ണുകളാണ് ഞങ്ങളെ ആദ്യം എതിരേറ്റത്.

"പുറത്തുനിന്നും വരുന്നവരെ അവർക്ക് സംശയമാണ്. പലവിധത്തിൽ അവർ ചൂഷണം ചെയ്യപ്പെടുന്നത്കൊണ്ടാണിത്." ഞങ്ങൾക്ക് വഴികാട്ടിയായി കൂടെവന്ന മാനന്തവാടിയിലെ ദീപു പറഞ്ഞു.

ആദിവാസികളിലെ അടിയാളർ, ഊരാളർ എന്ന കുറുമർ എന്ന വിഭാഗങ്ങളാണ് തിരുനെല്ലിയിൽ അധികവും.

തിരുനെല്ലിയിൽ ഹൈസ്കൂൾ ഇല്ല. യു.പി. വിദ്യാഭ്യാസത്തിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസം ചെയ്യണമെങ്കിൽ 30ഓളം കി.മീ താണ്ടി മാനന്തവാടിയിലോ, കാട്ടിക്കുളത്തോ പോവണം)

'ഹൈസ്കൂൾ ഇല്ലാത്തതാണ് ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ പ്രധാന പ്രശ്നം. ഹൈസ്കൂൾ വന്നാൽ ഒരു അവസ്ഥക്ക് മാറ്റം ഉണ്ടാവുമെന്ന്' കോളനിയിലെ വീട്ടമ്മയായ ശാന്ത പറയുന്നു. പക്ഷേ, തോട്ടടുത്ത പ്രൈമറി സ്കൂളിൽപോലും പോകാൻ മടിക്കുന്നവരും ഒന്നിലും രണ്ടിലും വെച്ചുതന്നെ പഠനം നിർത്തിയവരുമാണ് ഇവിടെയുള്ളവരിൽ ഏറയും എന്നത് പഠനസൗകര്യത്തിന്റെ അഭാവംകൊണ്ട് മാത്രമല്ല, അവരുടെ താൽപര്യക്കുറവിനെക്കൂടിയാണ് കാണിക്കുന്നത്. അതേസമയം കോളനിക്ക് മുമ്പിലൂടെ ഒഴുകുന്ന ചെറിയ പുഴക്ക് കുറുകെ പാലം ഇല്ലാത്തതും വിദ്യാഭ്യാസപ്രശ്നത്തിന് കാരണമായി മാനന്തവാടിയിൽ ഹൈസ്കൂളിൽ പഠിക്കുന്ന രാധ ചൂണ്ടിക്കാണിക്കുന്നു.

'ഹൈസ്കൂൾ ഇല്ലാത്തതാണ് ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ പ്രധാന പ്രശ്നം. ഹൈസ്കൂൾ വന്നാൽ ഒരു അവസ്ഥക്ക് മാറ്റം ഉണ്ടാവുമെന്ന്' കോളനിയിലെ വീട്ടമ്മയായ ശാന്ത പറയുന്നു.

ഉരുളൻ കല്ലുകളിൽ തട്ടി പതഞ്ഞൊഴുകുന്ന കാട്ടാറ് മുറിച്ചുകടന്ന് അടുത്ത കോളനി ലക്ഷ്യമാക്കി നീങ്ങുമ്പോൾ രാധയുടെ വാക്കുകളിലെ സത്യം ഞങ്ങളറിഞ്ഞു. മുട്ടോളമെ വെള്ളം ഉള്ളുവെങ്കിലും ശക്തിയായി ഒഴുകി.

മറ്റുള്ള കോളനികളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ പ്രായം കുറഞ്ഞ നിരക്ഷരരുള്ളതാണ് ഈ കോളനിയുടെ മറ്റൊരു നിർഭാഗ്യം. വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് അവർ പല പ്രശ്നങ്ങൾ പറയുന്നുവെങ്കിലും അവരുടെ വാക്കുകളോട് മാനന്തവാടിയിലെ ആറാട്ടുതറ ഗവ: ഹൈസ്കൂൾ അദ്ധ്യാപകനും DPEP അദ്ധ്യാപക പരിശീലകനും സാമൂഹ്യപ്രവർത്തകനുമായ ബാബു ഫിലിപ്പ് വിയോജിക്കുന്നു.

സ്കൂളിന് തൊട്ടടുത്തുള്ള കോളനിയിൽനിന്നും പോലും കുട്ടികൾ സ്കൂളിൽപോകാൻ വിമുഖരാണ് ആദിവാസികളുടെ പ്രത്യേകതകളുടെ ഭാഗമായേ ഇതിനെ കാണാനാവൂ. ആരെങ്കിലും പിടിച്ചിളക്കിയില്ലെങ്കിൽ നിന്നടത്ത് നിന്ന് അനങ്ങാതെ എത്ര സമയം വേണമെങ്കിലും ഇക്കൂട്ടർ ഇരിക്കുന്നത് കാണാം.

എന്നാൽ സ്കൂളിലെ കൃത്രിമമായ സാഹചര്യങ്ങൾ അവർക്ക് അന്യമാണ്. അദ്ധ്യാപകനും, ചൂരലും പഠിപ്പിക്കലും ഒന്നും അവർക്ക് ദഹിക്കില്ല. ഡി.പി.ഇ.പി. പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്ന സ്കൂളുകളിൽ കുട്ടികൾ സ്കൂളുമായി ഇണങ്ങിച്ചേരുന്നു. ഇവിടെ ഹാജർ നിലയിലും പുരോഗതിയുണ്ട്. അതായത് കുട്ടികൾ റഗുലറായി വരാൻ താല്പര്യപ്പെടുന്നു. അദ്ധ്യാ

പകരുടെ മനോഭാവത്തിൽ പൊതുവെ മാറ്റം വന്നിട്ടില്ലെങ്കിലും, ഹാജർ കൊടുത്ത് അവർക്ക് ലഭ്യമാകുന്ന സ്റ്റൈപ്പൻറ് തുക നഷ്ടപ്പെടുത്താതിരിക്കുക എന്നതാണ്. കുട്ടികളുടെ എണ്ണം സ്വന്തം നിലനിൽപ്പിൻെറയും പ്രശ്നമാണല്ലോ.

'സ്കൂൾ കോളനി' എന്നറിയപ്പെടുന്ന ആറാട്ടുതറ ഹൈസ്കൂളിനു തൊട്ടടുത്തുള്ള കോളനിയിലുള്ള കുട്ടികൾ പോലും എട്ടാം ക്ലാസിനുശേഷം തുടർന്നു പഠിക്കുകയോ, പോകുന്നവർ തന്നെ, കൃത്യമായി പോകാതിരിക്കുകയുമാണ് ചെയ്യുന്നത് എന്ന യാഥാർത്ഥ്യം ബാബു മാഷ്ടെ അഭിപ്രായത്തെ അടിവരയിടുകയല്ലേ ചെയ്യുന്നത്?



**വർഗ്ഗീസ്....... നക്സലിസം**

ഉത്തരബംഗാളിനടുത്ത് നേപ്പാൾ അതിർത്തിയോട് തൊട്ടുകിടക്കുന്ന ഗ്രാമമാണ് നക്സൽബാരി. അധഃകൃതവർഗ്ഗക്കാരായ സന്താളർ അവിടെ ജോത്തിദാർമാർക്കെതിരായി തുടങ്ങിവെച്ച സമരമാണ് നക്സൽബാരി സമരം. അത് പിന്നീട് നക്സലിസം എന്നപേരിൽ അറിയപ്പെട്ടു.

ഭരണകൂടത്തൻെറ അനീതിയോടും പീഢിതവർഗ്ഗത്തിൻെറ ഉന്നമനത്തിനുവേണ്ടിയും ആണ് കേരളത്തിന് നക്സൽ പ്രസ്ഥാനം വേരോടിതുടങ്ങിയത്.

കേരളത്തിൽ നക്സൽ പ്രസ്ഥാനത്തൻെറ പ്രധാന പ്രവർത്തനമേഖലയും വയനാട് തന്നെയായിരുന്നു. നക്സൽബാരിയിൽ തുടങ്ങിവെച്ച സമരാഗ്നി ബീഹാർ, ഒറീസ, ഉത്തർപ്രദേശ് തുടങ്ങി തിരുനെല്ലിയിലും ആളിക്കത്തി എവിടെയും സമരം പൊട്ടിപ്പുറപ്പെട്ടത് ആദിവാസികളുടെ ഭൂപ്രശ്നങ്ങളുടെ പേരിൽ.

എവിടെയും അവർക്കു നേതൃത്വം നൽകിയത് അവർക്കിടയിൽ ജീവിച്ചുകൊണ്ട് അവരുടെ ദാരിദ്ര്യങ്ങളും ദുരിതങ്ങളും കണ്ട് എന്നും അവർക്ക് നീതി നിഷേധിക്കപ്പെടുന്നതിന് ദുഖിക്കാനിടയായ സുഹൃത്തുക്കൾ തന്നെ.

ഭൂപരിഷ്കരണ നിയമം മുന്നിൽകണ്ട് അത് നടപ്പിൽ വരുന്നതിനു മുമ്പേ ആദിവാസികൾ കൈവശം വച്ചിരുന്ന ഭൂമിയിൽ നിന്നെല്ലാം അവരെ ഒഴിപ്പിച്ച്, ആർക്കും വേണ്ടാത്ത തരിശു ഭൂമിയിലേക്കും പുഴയിറമ്പിലേക്കും , തുരത്തുന്ന അവസ്ഥ കണ്ടാണ് മാനന്തവാടയിൽ കർഷകസംഘം സെക്രട്ടറിയായിരുന്ന വർഗ്ഗീസ് ആദിവാസി സംരക്ഷണ രംഗത്തേക്ക് എടുത്ത് ചാടാൻ കരണം" മാനന്തവാടിയിലെ ബിസിനസ്സുകാരനായ ജോൺ മാത്യു പറയുന്നു.

" പക്ഷേ തീവ്രവാദത്തിൻെറആധിക്യം കാരണം സ്വന്തം പാർട്ടിക്കാരുടെ പിന്തുണപോലുമില്ലാതെ ആ പ്രസ്ഥാനം തകരാൻ തുടങ്ങിയത് മറ്റൊരു നിർഭാഗ്യം. ജോൺ മാത്യു കൂട്ടിച്ചർത്തു.

കരളലയിക്കുന്ന ഒരുപാട് കഥകളും തീരാത്ത പരാതികളും പരിഭവങ്ങളും ഇവരുടെ മുഖത്ത് നിഴലിക്കുമ്പോൾ, ഇനിയും പൂർത്തീകരിക്കപ്പെടാത്ത ആദിവാസി ബില്ലും , ഒരു നല്ല നാളെയുടെ പ്രതീക്ഷകളും അവരിൽനിന്ന് അന്യം നിൽക്കുകയാണോ? ഉത്തരം കിട്ടാത്ത ഒരുപാട് ചോദ്യങ്ങളായി ഈ കാടിൻെറ മക്കൾ നമുക്കു മുമ്പിൽ നിൽക്കുമ്പോൾ എണ്ണം കൂടിവരുന്ന തിരുനെല്ലിയിലെ അവിവാഹിതരായ അമ്മമാർ എന്ന അപ്രിയ സത്യത്തെ നേരിടാൻ നമ്മൾ മടിക്കുന്നു. □

# മരണം

## മൃതി
## നിലാവോ നിഴൽപ്പാടോ

ആകാശത്തിനു കീഴിൽ നിറം
മങ്ങുന്ന സന്ധ്യ...

കൂമ്പുന്ന പൂവിനുള്ളിൽ
കട്ടികൂടുന്ന ഇരുട്ട്...

അണയാനൊരുങ്ങുന്ന ദീപത്തിന്റെ
ആളിക്കത്തൽ...

*പങ്കെടുക്കുന്നവർ:*

**അക്ബർ കക്കട്ടിൽ,**
**യു.കെ. കുമാരൻ,**
**വി.ആർ. സുധീഷ്,**
**കെ.പി. സുധീര,**
**പി. സുരേന്ദ്രൻ,**
**കാനേഷ്പൂനൂർ**



മരണം!

നിലാവൂർന്നുപോയ മുഖങ്ങളിൽ മിഴിനീരിന്റെ ഈറൻ. വിദൂരതയിൽ മുഴങ്ങിക്കേൾക്കുന്ന പള്ളിമണികൾ. വിഫലമായ സ്വപ്നങ്ങളുടെ ഘോഷയാത്ര. ഭയത്തിന്റെ ചിറകടിയൊച്ചകൾ. മരണത്തിന്റെ ഗന്ധം.

മരണത്തെക്കുറിച്ച് പറഞ്ഞുതരാൻ ആരാണുള്ളത്? അതിനെ പുല്കി തിരിച്ചുവന്നവർ ഇവിടെ ആരുണ്ട്? എങ്കിലും മരണത്തെക്കുറിച്ച്, അതിന്റെ മാധുര്യത്തെക്കുറിച്ച് പറഞ്ഞവർ ഏറെ. മരണം മധുരിക്കുമോ? പ്രിയപ്പെട്ടവരുടെ വേർപാട് എന്നും ഒരുപിടി വേദനകളല്ലേ നമുക്ക് സമ്മാനിക്കാറ്. ഒരു പക്ഷേ, മരിച്ചവർക്ക് മരണം മധുരിക്കുമായിരിക്കും. എങ്കിലും ശ്രീ. കാനേഷ് പൂനൂർ പറഞ്ഞതു പോലെ മരണത്തിനൊപ്പം പടിയിറങ്ങുമ്പോൾ അവസാനമായി ഒന്നു തിരിഞ്ഞു നോക്കില്ലേ, വിട്ടേച്ചു പോന്ന ജീവിതത്തിനുനേരെ..? മരണത്തെ മുഖാമുഖം കണ്ടെന്ന് അവകാശപ്പെടുന്നവർ നമ്മുടെ ഇടയിലുണ്ട്. മാധവിക്കുട്ടി, എം.ടി., പുനത്തിൽ, സുരേന്ദ്രൻ തുടങ്ങിയവരെല്ലാം മരണമെന്ന അനുഭവത്തെക്കുറിച്ച് പറയുന്നുണ്ട്. മരണത്തിനു തണുപ്പാണെന്ന്, ഈറൻ വയലറ്റ് പൂക്കളുടെ നിറമാണെന്ന്, രംഗബോധമില്ലാത്ത കോമാളിയാണെന്ന് പലരും വിശേഷിപ്പിച്ചു. ഇരുളടഞ്ഞ ഇടുങ്ങിയ വഴികളിലൂടെ ഏറെ ദൂരം നടന്ന് അതിപ്രകാശവത്തായ ഒരു ലോകത്തിലേക്ക് ചെന്നെത്തുന്നതുപോലെയാണ് മരണമെന്ന അനുഭവമെന്ന് പറയുന്നു. കക്കാടിന്റെ അവസാനകാല കവിതകളേറെയും മരണത്തിനും

ജീവിതത്തിനുമിടയ്ക്കുള്ള അനുഭവങ്ങളെക്കുറിച്ചാണ്.

മരണമെന്നത് ഒരു സത്യമാണെങ്കിലും അതിനെ അംഗീകരിക്കാൻ പലർക്കും പേടിയാണ്. അജ്ഞാതമായതിനെക്കുറിച്ചുള്ള ആശങ്ക തന്നെയോ അതിനു കാരണം? മരണത്തെക്കുറിച്ച്, അതിനുശേഷം ലഭ്യമാകുന്ന ലോകത്തെക്കുറിച്ച് പല മതങ്ങളും പരാമർശമുണ്ട്. സ്വർഗം, നരകം എന്നീ സങ്കല്പത്തിന്റെ കാര്യത്തിലും ഒട്ടുമിക്ക മതങ്ങളും കൈകോർക്കുന്നു. ഇതൊരു സങ്കല്പം മാത്രമോ? അതോ സത്യമോ? ഭൂമിയിൽ തന്നെയോ സ്വർഗവും നരകവും. അതിനെക്കുറിച്ച് പറഞ്ഞുതരുവാൻ മരിച്ചവരാരും തന്നെ തിരിച്ചുവന്നിട്ടില്ലല്ലോ?

വാർദ്ധക്യത്തോടെ എല്ലാവരും മരണത്തെ പേടിക്കുന്നു. സപ്തതിയും നവതിയും കഴിഞ്ഞായിരുന്നു പണ്ട് മരണത്തെ ഭയന്നത്. ഭയമല്ല, അത് കാത്തിരിപ്പാണ്. പണ്ടത്തേതിൽ നിന്നും വ്യത്യസ്തമായി ഇന്ന് എല്ലാവരും 60 വയസ്സിലേ വൃദ്ധരാവുന്നു. കൂടെ മരണത്തെക്കുറിച്ചുള്ള ഭയവും. മരണത്തെ ഭയപ്പെട്ട അവസ്ഥയിലാണ് കവി പറഞ്ഞതുപോലെ "ലോകം തന്നെ ഒരു ആശുപത്രി"യായി മാറുന്നത്. പക്ഷേ വാർദ്ധക്യത്തിൽ മാത്രമല്ലല്ലോ മരണം നമ്മെ തേടിയെത്തുന്നത്. പലപ്പോഴും ക്ഷണിക്കപ്പെടാത്ത ഒരതിഥിയായി മരണം കടന്നുവരുന്നില്ലേ?

ശ്രീ. കെ.പി. സുധീരക്ക് മരണം അവിശ്വസനീയമായ ഒരു അത്ഭുതമായിത്തോന്നിയത്, ഒരു യുവതിയെപ്പോലെ ആരോഗ്യവും, ചുറുചുറുക്കും സൗന്ദര്യവുമുണ്ടായിരുന്ന അമ്മ അവരെ വിട്ട് മരണത്തിന്റെ കൈപിടിച്ച് കടന്നുപോയപ്പോഴാണ്. പിന്നെ മീനച്ചൂടിൽ ഇടിമുഴക്കത്തിന്റെ ആകസ്മികത എന്നപോലെ മാസങ്ങൾക്കുമുമ്പ് ചെറുപ്പക്കാരനായ അനുജൻ ഉറക്കത്തിൽ മരിച്ചതിന്റെ നെടിയ ആഘാതത്തിൽനിന്നും അവരുടെ മനസ്സിന് വിമുഖത ലഭിച്ചിട്ടില്ല. പിന്നീട് അവർക്ക് പ്രിയപ്പെട്ട രാമദാസ് വൈദ്യർ, ഈ ലോകത്ത് എന്നെന്നും സുഹൃത്തായും വഴികാട്ടിയായും തുണയായും ഉണ്ടാകുമെന്ന് കരുതിയ പ്രിയഗുരു നിത്യചൈതന്യയതി, ഇവരെല്ലാം യാത്രയായിപ്പോയപ്പോൾ മരണം ഒരത്ഭുതമല്ല ഒരു നൈരന്തര്യമാണെന്ന് അവൾ അറിയുകയായിരുന്നു.

ഒരിക്കലും വന്നുചേർന്നിട്ടില്ലാത്ത ഒരു കാമുകനായാണ് മരണത്തെ ശ്രീ. കെ.പി. സുധീര കാണുന്നത്. മരണം തൊട്ടുമുന്നിൽ വന്നുനിന്നാൽ തനിക്കു പ്രിയപ്പെട്ട സകലതിനേയും, നിത്യസത്യങ്ങളുടെ നാട്ടിൽനിന്നും വിരുന്നു പാർക്കാനെത്തിയ അനർഘ സുന്ദരമായ സ്നേഹാനുഭൂതികളെയും എല്ലാം വിട്ടെറിഞ്ഞ് താൻ അവന്റെ കൈകളിലേക്ക് ഓടിയണയുമെന്നു തന്നെ അവർ വിശ്വസിക്കുന്നു. അവിടെ അവധി ചോദിക്കുകയോ വിലപേശുകയോ ഉണ്ടാവില്ലെന്നും അവർ പറയുന്നു.

മരണത്തെ അഭിമുഖീകരിക്കുമ്പോഴുണ്ടാകുന്ന അവസ്ഥയെക്കുറിച്ച് പലർക്കും പലതാണ് പറയാനുള്ളത്. ശ്രീ. പി. സുരേന്ദ്രൻ മരണത്തെക്കുറിച്ചും അതേസമയം വൈദ്യശാസ്ത്രത്തിന്റെ പരിമിതികളെക്കുറിച്ചും ഏറെ ബോധവാനാണ്. മരണക്കയത്തിൽ നിന്നുള്ള രക്ഷപ്പെടൽ ഒരാളുടെ ശരീരത്തിൽത്തന്നെയുള്ള ശക്തിവിശേഷത്തിന്റെ ഉണർച്ചയുമായി മാത്രം ബന്ധപ്പെട്ടു കിടക്കുന്നു എന്നദ്ദേഹം വിശ്വസിക്കുന്നു. ശ്രീ. വി.ആർ. സുധീഷ് കരുതുന്നത് മരണവും പരിചയിച്ച് പരിചയിച്ച് മധുരിക്കുമായിരിക്കുമെന്നാണ്. പക്ഷെ മരണത്തിനു മുന്നിലും പരിചയിക്കാൻ സാവകാശം വേണമെന്ന് അദ്ദേഹം പറയുന്നു.

ശ്രീ. പി. സുരേന്ദ്രൻ പറഞ്ഞതുപോലെ ശരീരത്തിന്റെ മാത്രമായ ഒരു ശക്തി വിശേഷത്തിന്റെ ഉണർച്ചയുമായി മാത്രം ബന്ധപ്പെട്ടു കിടക്കുന്നതാണോ മരണക്കയത്തിൽനിന്നുള്ള രക്ഷപ്പെടൽ? മാനസികവും ആത്മീയവുമായ കാര്യങ്ങളും അതിൽ ഭാഗഭാക്കാവുന്നുണ്ടോ? രോഗശയ്യയിൽ കിടക്കുന്ന മരണത്തിലേക്കു കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന രോഗിയുടെ ജീവിതത്തിലേക്കുള്ള അത്ഭുതകര



അക്ബർ കക്കട്ടിൽ



യു.കെ. കുമാരൻ



'എന്റെ യാത്മാവ്
കാരാഗൃഹത്തിന്റെ
ബന്ധം ഭേദിച്ച്
ചിറകുകൾ കുടഞ്ഞുനിവർത്തി,
ആകാശത്തിന്റെ
അനന്ത നീലിമയിലേക്കു
കുതിച്ചു പായുകയായ്......'

– റോസ് മേരി

മായ തിരിചുവരവ്, അത് എന്തു കൊണ്ട് സംഭവിക്കുന്നു? പ്രിയപ്പെട്ട വരുടെ പ്രാർത്ഥന നിമിത്തമോ അതോ അയാളുടെതന്നെ ആയുസിന്റെ ബലമോ? ചിലപ്പോൾ മറിച്ചും സംഭവിക്കുന്നു. പ്രിയപ്പെട്ടവരുടെ പ്രാർത്ഥനകളുടെയും സ്നേഹത്തിന്റെയും ഇടയിൽ നിന്നുതന്നെ ഒരു രോഗി (രോഗിയല്ലാത്തവരും) മരണത്തിന് കീഴടങ്ങിപ്പോവുന്നു. പലപ്പോഴും ആഗ്രഹിക്കാത്ത നിമിഷങ്ങളിൽ. മരണത്തെ ഒന്നു കൊണ്ടും ഒരാൾക്കും നിയന്ത്രിക്കാൻ കഴിയുകയില്ല എന്നല്ലേ അതിൽനിന്നും അനുമാനിക്കേണ്ടത്?

മരണം തൊട്ടുമുന്നിൽ വന്നു നിന്ന് വഴിമാറിപ്പോയ അനുഭവത്തെക്കുറിച്ച് ശ്രീ. യു.കെ. കുമാരൻ പറയുന്നത് നോക്കുക.

“വർഷങ്ങൾക്കുമുമ്പ് ആലുവയിൽവെച്ചുണ്ടായ ഒരനുഭവം. ശ്രീ. എം.വി ദേവനെക്കാണാൻ പോകുന്ന അവസരത്തിൽ റെയിൽപ്പാളത്തിലൂടെ എന്തൊക്കെയോ ചിന്തിച്ചു നടക്കുകയായിരുന്നു എന്റെ ചെവിയിൽ 'ഇറങ്ങി നടക്കൂ' എന്ന് ആരോ മന്ത്രിക്കുന്നതുപോലെ തോന്നി. ആദ്യമൊന്നും ഞാനത് ചെവിക്കൊണ്ടില്ലെങ്കിലും പിന്നീട് ഏതോ അജ്ഞാതശക്തിയുടെ ആജ്ഞക്ക് കീഴടങ്ങി പാളത്തിൽ നിന്നിറങ്ങി പാതയോരത്തെ തൊട്ടാവാടിപ്പടർപ്പിൽ കാൽവെച്ച് രണ്ടടി നടന്നതേയുള്ളൂ. എന്നെ നടുക്കിക്കൊണ്ട് ഒരു എക്സ്പ്രസ് ആ സമയം പാളത്തിലൂടെ അതിവേഗം കടന്നുപോയി. പാതയോരത്തുനിന്ന് ഞാൻ തെല്ലിട കരഞ്ഞു.

ഈ രീതിയിൽ മരണത്തെ തൊട്ടുമുന്നിൽ അനുഭവിച്ചറിഞ്ഞ. കേവല യാദൃശ്ചികതകൾകൊണ്ട് അതിൽനിന്നും രക്ഷനേടിയ അനുഭവങ്ങൾ പലരും പറഞ്ഞു കേൾക്കാറുണ്ട്. പക്ഷേ ഇത് ഒരു കേവല യാദൃശ്ചികത മാത്രമാണോ? ശ്രീ. യുകെ കുമാരന്റെ അനുഭവത്തിലുള്ള പലർക്കും അനുഭവത്തിലുണ്ടായിട്ടുണ്ടെന്ന് പറഞ്ഞ് കേട്ടിട്ടുള്ള ഈ അജ്ഞേയശക്തി ഏതാണ്? നാമറിയാതെ നമ്മുടെ ഇന്ദ്രിയങ്ങൾ മനസ്സിനും ശരീരത്തിനും ധാരാളം മുന്നറിയിപ്പുകൾ നൽകുന്നുണ്ട്. നാം ബാഹ്യമനസ്സിലറിയാതെ പോകുന്ന അത്തരമൊരു മുന്നറിയിപ്പായിക്കൂടെ ഈ ആജ്ഞേയ ശക്തിയും?

ശ്രീ. കെ.പി. സുധീര അവരുടെ രണ്ടാമത്തെ കുട്ടിക്ക് ജന്മം





കെ.പി. സുധീര

നൽകിയവേളയിൽ മരണത്തെ അനുഭവിച്ചറിഞ്ഞതായി പറയുന്നു. “അവനെനിക്ക് കടുപ്പമുള്ള വേദന സമ്മാനിച്ചുകൊണ്ട് ഈ ഭൂമിയുടടെ അനന്തമായ ആശ്ചര്യത്തിലേക്ക് കടന്നുവന്നു. തികച്ചും സ്വാഭാവികമായിത്തന്നെ. അതിന്റെ ആഹ്ലാദത്തിൽനിന്നാണ് എന്റെ പ്രജ്ഞയെ മരണം കൂട്ടിക്കൊണ്ടുപോയത്. ഞാൻ വാർന്നുപോകുന്ന രക്തപ്പുഴ നീന്തിക്കടന്ന് ആശുപത്രിക്കട്ടിലും ഭൂമിയും വിട്ട് ആകാശരാജ്യങ്ങൾക്കപ്പുറത്തുള്ള ഏതോ ലോകത്തെത്തി. മരണത്തിന്റെ ചുമലിൽ കയറിയിരുന്ന് നക്ഷത്രക്കാടുകളെ വകഞ്ഞു കൊണ്ട് ഞാൻ അത്ഭുതാദരങ്ങളോടെ ഭൂമിയിലേക്കു നോക്കിയപ്പോൾ കണ്ടത് കണ്ണുനീർ പൂക്കൾക്കും ആഹ്ലാദപുഷ്പങ്ങൾക്കുമിടയിൽ തിമർത്തുപായുന്ന ജീവിതമാണ്. ഡോക്ടർമാർ എന്റെ വിവശമായ ഗർഭപാത്രത്തിലേക്ക് ഏതോ യന്ത്രം കയറ്റിവെച്ചു.യ എന്റെ പ്രാണനിൽ ലയിച്ചുകിടക്കുകയായിരുന്ന എന്റെ ജീവനെ തിരിച്ചുപിടിക്കാൻ അവർ തീവ്രയത്നത്തിലേർപ്പെട്ടു. ആ നിമിഷങ്ങളിൽ ജീവിതമെന്നത് അനർഘസുന്ദരമായ ഒരു സ്വർഗീയാനുഭൂതിയാണെന്ന് എനിക്ക് മനസ്സിലായി. എന്നാൽ



വി.ആർ. സുധീഷ്

മരണത്തിന്റെ മഹനീയത എന്നെ വളരെയേറെ വശീകരിച്ചു.

മരണം എന്റെ കട്ടിലിനു ചുറ്റും വലംവെക്കുകയായിരുന്നു. വെണ്മയും വെണ്മയും തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന കണ്ണഞ്ചിപ്പിക്കുന്ന മിന്നിൽപ്പിണർശോഭ ആ നിമിഷങ്ങളെ സ്വർഗീയമാക്കി. മരണം ഒരു വെളുത്ത പ്രാവിനെപ്പോലെ എന്റെ ശരീരത്തിൽ ഒന്നുരുമ്മി. ഒരു ശീതളിമ, ഒരു ശൈത്യം നട്ടെല്ലിലൂടെ പാഞ്ഞു. Oh! She is setting Blue? ഒരു ഡോക്ടർ ഉറക്കെ പറഞ്ഞു. മരണം ഒരു നിമിഷം ഒന്നു നടുങ്ങി പുറകോട്ടു മാറി. അവൻ എന്റെ മേലുള്ള പിടിവിട്ടു. ഒരു വാതിലിലൂടെ കടന്നുവന്ന മരണം മറുവാതിലിലൂടെ പുറത്തേക്കുപോയി. ജീവൻ തിരികെ വന്ന എന്റെ ശരീരത്തെ വാരിപ്പുണർന്നു. താൻ കണ്ണുകൾ തുറന്നപ്പോൾ കണ്ടത് ഈ ജീവിതത്തിന്റെ സകല സൗന്ദര്യവും ആനന്ദവും ഒരു ചെറിയ കുട്ടിയുടെ രൂപത്തിൽ കിടക്കുന്നതാണ്.

ശ്രീ. കാനേഷ് പൂനൂരിന്റെ അഭിപ്രായത്തിൽ അദ്ദേഹം മരണത്തിൽനിന്ന് വഴിമാറിപ്പോവുകയാണ്. അവസാനം പിടിച്ചുനിർത്തി മരണം ഒരു ചോദ്യം ചോദിക്കുമെന് അദ്ദേഹംപ്രതീക്ഷിക്കുന്നു. “ഒരു ജീവിതം കടം തന്നു എന്നല്ലാതെ ഞാൻ വേറെ വല്ല തെറ്റും ചെയ്തിട്ടുണ്ടോ?” ഒട്ടൊരു കുസൃതിയോടെയാണ് അദ്ദേഹം മരണത്തെക്കുറിച്ച് ചിന്തിക്കുന്നത്.

'സോഗ്യാൽ റിംമ്പോച്ചെ' എന്ന തിബത്തൻ ദാർശനികന്റെ 'തിബത്തൻ ബുക്ക് ഓഫ് ലിവിങ്ങ് ആന്റ് ഡൈയിംഗ്' എന്ന പുസ്തകത്തിൽ മരണമെന്ന അനിവാര്യതയെക്കുറിച്ചും, എങ്ങനെ ശാന്തനായി മരണത്തെ നേരിടാമെന്നതിനെക്കുറിച്ചും പറയുന്നുണ്ട്. ശ്രീ. പി. സുരേന്ദ്രൻ ഈ പുസ്തകം അദ്ദേഹത്തെ വളരെയേറെ സ്വാധീനിച്ചു എന്ന് സൂചിപ്പിക്കുന്നു. ശ്രീ. അക്ബർ കക്കട്ടിലിന്റെ അഭിപ്രായത്തിൽ മരണം 'നിത്യശാന്തിയിലേക്കുള്ള തീർത്ഥാടന'മാണ്.

ഭാരതം ആത്മീയതയുടെ നാടെന്നറിയപ്പെടുന്നു. പുരാതന കാലത്ത് ഭാരതീയർ വാർദ്ധക്യദശയിൽ വാനപ്രസ്ഥം തിരഞ്ഞെടുക്കുമായിരുന്നു. ലൗകിക ജീവിതത്തിൽ അതുവരേയും ചെയ്തുപോയിട്ടുള്ള പാപകർമ്മങ്ങൾക്ക് പരിഹാരം ചെയ്യുവാനുള്ള അവസരം കൂടിയായി

രുന്നു അവൾക്കീഘട്ടം. മൃത്യുവിന് ശേഷവും ഒരു ജീവിതമുണ്ടെന്ന ബോധമായിരിക്കാം അവരെ ഇതിനു പ്രേരിപ്പിച്ചത്. സ്വർഗ, നരക സങ്കല്പങ്ങൾക്ക് അവർ ഏറെ ഊന്നൽ കൊടുത്തിരുന്നു. മോക്ഷപ്രാപ്തി എന്നും അവരുടെ ലക്ഷ്യമായിരുന്നു. ശ്രീ.വി.ആർ. സുധീഷിന്റെ അഭിപ്രായത്തിൽ നമ്മുടെ കാലം ഒരുപാട് നശ്വരതകൾകൊണ്ട് അപൂർണ്ണമായതാണ്. ശ്രീ. അക്ബർ കക്കട്ടിലും, ശ്രീ.വി.ആർ. സുധീഷും ഇവിടെ കൈകോർക്കുന്നില്ലേ? ക്ഷണികമായ ഈ ജീവിതത്തിൽനിന്നും നിശ്യശാന്തിയിലേക്കുള്ള യാത്രതന്നെയല്ലേ മരണം?

മരണത്തെക്കുറിച്ച് ശ്രീ.കാനേഷ് പൂനൂർ പറയുന്നത് നോക്കുക. "മരണം ഏകാന്തമായ ഒരു തീവണ്ടി യാത്രയാണ്. ഭൂമി എന്ന പ്ലാറ്റ് ഫോറത്തിൽ ജീവിച്ചിരിക്കുന്നവരെല്ലാം 'വിട, വിട' എന്ന് കൈവീശിക്കൊണ്ടിരിക്കെ, മറ്റെല്ലാ ബോഗികളും ശൂന്യമായി കിടക്കാത്തവർ ഒരു ട്രെയിനിൽ ഒറ്റക്ക് അങ്ങ് അകലേക്ക്... അകലേക്ക്..."

പ്രണയത്തിന്റെ മധുരത്തിനു വേണ്ടി കൊതിക്കുന്നവർ ആരാണുള്ളത്? പ്രണയിച്ച് പ്രണയിച്ച് ആ പ്രണയത്തെ നഷ്ടപ്പെടുത്താതെ മരണത്തെ സ്വീകരിച്ചവർ നമ്മുടെ ഇടയിൽതന്നെയല്ലേ? പ്രണയവും മരണും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ ഈ ഒരു അന്വേഷണത്തിലേക്കു കടന്നു ചെല്ലുമ്പോൾ വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകളാണ് നമുക്ക് ലഭിക്കുന്നത്. ശ്രീ. കാനേഷ് പൂനൂര്, മരണത്തിനും പ്രണയത്തിനെന്നപോലെ രതി മൂർഛയുടെ ഒരു നിമിഷം ഉണ്ടായിരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ശ്രീ. അക്ബർ കക്കട്ടിലും രതിയിൽ മരണമുണ്ടെന്ന് പറയുന്നു. ഇല്ലാതാവലിന്റെ ഒരവസ്ഥ. മരണത്തെ പ്രണയിക്കാമെന്നും, പ്രണയത്തെ മരണത്തിലെത്തിക്കാമെന്നുമാണ് അദ്ദേഹത്തിന്റെ മതം.

"പ്രണയം എന്നത് അനശ്വരമായ ഒരു അനുഭൂതിയല്ല. മറിച്ച് ഒരുപാട് നശ്വരതകളുടെ അനുഭൂതിയാണ്. നിത്യമായി ഈ ഭൂമുഖത്ത് നിലനിൽക്കുന്ന അനശ്വര പ്രണയിനികൾ എന്നത് വെറും കവി സങ്കല്പമാണ്. മരണമാണ് ജീവിതത്തെ സൗന്ദര്യവൽക്കരിക്കുന്നത്.മുറിഞ്ഞുപോകുന്നു – ക്രമേണ ഇല്ലാതാകുന്നു എന്നുള്ളതുകൊണ്ടാണ് പ്രണയം ഇത്രയേറെ തീവ്രവും ഉദാത്തവുമാകുന്നത്. എല്ലാ പ്രണയങ്ങൾക്കും ഒരു മരണം സംഭവിക്കുന്നുണ്ട്. അവിടെനിന്നും തിരിഞ്ഞുനോക്കുമ്പോൾ മാത്രമാണ് അതിന്റെ ഉദാരമായ മാധുര്യം നാം അനുഭവിച്ചിയുന്നത്. മരിച്ചുപോവുന്ന ഒരു മനുഷ്യന്റെ തൊട്ടുമുമ്പുള്ള നിമിഷങ്ങളിൽ അയാൾ ജീവിച്ചുതീർത്ത കാലത്തിന്റെ അനുഭവങ്ങളാകെ ഒരു തിരശ്ശീലയിലെന്നപോലെ മുന്നിൽ മിന്നിപ്പൊലിഞ്ഞ് പോവുമെന്ന് ശാസ്ത്രം പറയുന്നു. അതൊരു ഫ്ലാഷ്ബാക്ക് ആണ്. അതിലൊരു സൗഖ്യമുണ്ട്. മരിക്കുന്നവർ തിരിഞ്ഞുനോക്കുമ്പോൾ അനുഭവത്തെ അറിയുന്നു. ആ അറിവാണ് ഈ പറഞ്ഞ മധുരമായ അനുഭവം. മരണത്തിലുള്ളത് ജീവിതത്തോടുള്ള പ്രണയമാണ്. പ്രണയത്തിലുള്ളത് മരണത്തോടുള്ള അഭിനിവേശമാണ്. പ്രണയമെന്നുള്ളത് രണ്ടുപേർ ഒന്നിച്ചുമരിക്കുന്നതുപോലുള്ള അനുഭവമാണ്. പിന്നീട് അവർ ഒന്നിച്ചു ജീവിക്കാൻ തുടങ്ങുന്നു എന്ന് നമ്മൾ പറയുന്നു. ഒരുപാട് നിയമങ്ങൾക്കും നിർബന്ധങ്ങൾക്കും വശപ്പെട്ട് ജീവിച്ച് തുടങ്ങുന്നവർക്കു മുമ്പുള്ള അനുഭവം നഷ്ടമാകും." ശ്രീ. വി.ആർ. സുധീഷിന്റെ വാക്കുകളെത്ര സത്യം!

പുനർജന്മത്തെക്കുറിച്ച് ഇന്നേറെ പഠനങ്ങൾ നടക്കുന്നുണ്ട്. പുനർജന്മമുണ്ടെന്ന് ഒരുകൂട്ടം ആളുകൾ വാദിക്കുമ്പോൾ ഇല്ലെന്നു വാദിക്കുന്ന മറ്റൊരു കൂട്ടം. പുരാണങ്ങളിൽ പുനർജന്മത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. ഒരു ജന്മത്തിൽ ചെയ്യുന്ന പ്രവർത്തികളുടെ ഫലം അടുത്ത ജന്മത്തിൽ അനുഭവിക്കുമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ പുനർജന്മമുണ്ടോ? ശ്രീ. യു.കെ. കുമാരൻ പുനർജന്മത്തിൽ ഒട്ടുംതന്നെ വിശ്വസിക്കുന്നില്ല. "ഒരു ജന്മത്തിനെക്കുറിച്ച് അറിവില്ലാത്ത നാം എങ്ങനെയാണ് മറുജന്മത്തെക്കുറിച്ച് ചിന്തിക്കുക?" എന്നാണ അദ്ദേഹം ചോദിക്കുന്നത്. മരിച്ചവരുടെ മനസ്സ് ഇവിടെയുണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് ശ്രീ. വി.ആർ. സുധീഷ്. മരിച്ചു കഴിഞ്ഞും അവർ മറവിയിലൂടെ നമ്മെ സ്നേഹിക്കുന്നുവെന്ന് അദ്ദേഹം കരുതുന്നു. ശ്രീ കാനേഷ് പൂനൂരിന് പുനർജന്മത്തിൽ വിശ്വാസമില്ല. അഥവാ പുനർജന്മം എന്നത് സത്യമാണെങ്കിൽ 'ഫാദർ ഡാമിയ'ന്റെ മനസുമായി ജനിക്കണം. എന്നദ്ദേഹം ആഗ്രഹിക്കുന്നു.

ഏതൊരു മനുഷ്യന്റെയുള്ളിലും തന്നെത്തേടിവരുന്ന മരണത്തെക്കുറിച്ച് ഒരു സങ്കല്പുണ്ടായിരിക്കും. പക്ഷെ, ആഗ്രഹിക്കുന്നതനുസരിച്ച് നമുക്ക് തിരഞ്ഞെടുക്കാവുന്ന ഒന്നല്ലല്ലോ മരണം? എങ്കിലും തന്നെ തേടിവരുന്ന മരണം ഇന്നപ്രകാരത്തിലായിരിക്കണമെന്ന് ചിലരെങ്കിലും ആഗ്രഹിക്കുന്നു. ശ്രീ. അക്ബർ കക്കട്ടിലിനെപ്പോലെ ആരെയും ബുദ്ധിമുട്ടിക്കാത്ത മരണം ആഗ്രഹിക്കുന്നവരല്ലേ നമ്മളിലേറെപ്പേരും. ശ്രീ. കാനേഷ് പൂനൂരിനും ഇതേ അഭിലാഷമാണുള്ളത്. ഉറങ്ങിക്കൊണ്ടിരിക്കെ, പതുക്കെ പതുക്കെ അങ്ങില്ലാതാവാൻ അദ്ദേഹം കൊതിക്കുന്നു. ശ്രീ. പി. സുരേന്ദ്രനും, ശ്രീ. യു.കെ. കുമാരനും ആത്മഹത്യയൊഴിച്ചുള്ള മറ്റൊരു മരണത്തിലും തങ്ങളുടെ ആഗ്രഹം സാധിതമാവുകയില്ലല്ലോ

മരിപ്പതിൻമുമ്പു
മരണപത്രം നാം കുറിച്ചുവെയ്ക്കുന്നു;
മരിച്ചതിൻശേഷം
ദിനപ്പത്രംനമ്മെക്കുറിച്ചുവയ്ക്കുന്നു
വരുംതലമുറയ്ക്കിതെന്നാ,ലിങ്ങനെ
ദിനപ്പത്രം വെറും മരണപത്രവും
മരണപത്രമോ ജനനപത്രവും

—കെ.വി. ബേബി

ഉറക്കം: അനന്തതയിലേയ്ക്കൊരെത്തിനോട്ടം
മരണം: അനന്തതയിലേയ്ക്കൊരെടുത്തുചാട്ടം

– ബേബി.

എന്ന് ആശങ്കിക്കുന്നു.

രൗദ്രരൂപത്തിലും സൗമ്യരൂപത്തിലും മരണം വരാം. ഒരു റൊമാന്റിക് കവിയായ ചങ്ങമ്പുഴ ഏറെ നരകിച്ചാണ് മരിച്ചത്. പഴയ നിരൂപകനായ ഡോ. കെ.എൻ. എഴുത്തച്ഛൻ മരിച്ചത് പ്രസംഗവേദിയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോഴാണ്. ചങ്ങമ്പുഴയെ പിശാചിന്റെ രൂപത്തിലുള്ള മരണമാണ് ഗ്രസിച്ചതെങ്കിൽ എഴുത്തച്ഛനെ ദേവതയുടെ രൂപത്തിലുള്ള മരണമാണ് ഗ്രസിച്ചത്. ഒരിക്കലും പല്ലനയാറ്റിലെ ആഴമില്ലായ്മയിൽ മുങ്ങിമരിക്കുവാൻ മഹാകവിയായ, നീന്തലറിയുന്ന കുമാരനാശാൻ ആഗ്രഹിച്ചുകാണില്ല. നാം വിചാരിക്കുന്നതുപോലെ ചിലപ്പോൾ നമുക്ക് ജീവിക്കാൻ കഴിഞ്ഞെന്നുവരാം; പക്ഷെ മരിക്കാൻ കഴിഞ്ഞെന്ന് വരില്ല.

പുരാതനകാലത്ത് മനുഷ്യൻ ആജ്ഞേയമായ എല്ലാത്തിനേയും ഭയപ്പെട്ടിരുന്നു. ആരാധിച്ചിരുന്നു. മരിച്ചുകഴിഞ്ഞാൽ ആത്മാക്കൾ കാക്കകളുടേയും മറ്റും രൂപത്തിൽ വരുമെന്ന് ഒരു ഹൈന്ദവവിശ്വാസമുണ്ട്. ശരീരം മാത്രമേ നശിക്കുന്നുള്ളൂ, ആത്മാവ് അനശ്വരമാണെന്നുള്ള വിശ്വാസത്തിൽ നിന്നല്ലേ ഇത്തരം ചിന്തകൾ ഉണരുന്നത്?

മരിച്ചവർ എങ്ങും പോവുന്നില്ല. ഇവിടെത്തന്നെയുണ്ട് എന്ന തോന്നലിൽനിന്നാണ് ശ്രീ. വി.ആർ. സുധീഷിന്റെ "ഭൂമി വിട്ടെങ്ങും പോകരുതേ" എന്ന കഥയുണ്ടായത് എന്ന് അദ്ദേഹം തന്നെ പറയുന്നു. കഥകളിൽ മരണം ആവിഷ്കരിക്കുന്നതിലൂടെ ജീവിതത്തിൽ മരണത്തോടുള്ള ആഗ്രഹം നിറവേറ്റപ്പെടുകയാണ് ചെയ്യുന്നതെന്ന് ശ്രീ. അക്ബർ കക്കട്ടിൽ അഭിപ്രായപ്പെടുന്നു.

മരണമെന്ന പ്രതിഭാസത്തെക്കുറിച്ച് ഏറെ അന്വേഷണങ്ങൾ നടക്കുന്നുണ്ട്. എങ്കിലും ഒരു അന്വേഷണങ്ങളിലൂടെയും മരണത്തെ പൂർണ്ണമായും മനസ്സിലാക്കുവാൻ ആർക്കും ആവുന്നില്ല. അറിയുംതോറും അറിയാനിനിയുമേറെയുണ്ടെന്ന് മനസ്സിലാവുന്നു.

മരണം പലപ്പോഴും ക്ഷണിക്കപ്പെടാതെ കടന്നുവരുന്നു, ഒരു പിടി വേദനകൾ സമ്മാനിച്ചുകൊണ്ട്. മരണത്തെ എങ്ങനെയാണ് സങ്കല്പിക്കുക? അതിന്റെ നിറമെന്തെന്നോ, രൂപമെന്തെന്നോ, സ്വഭാവമെന്തെന്നോ നമുക്കറിയില്ല. മരണത്തെ മുഖാമുഖം കണ്ടെന്ന് അവകാശപ്പെടുന്നവർ പോലും അവരവരുടേതായ കാഴ്ചപ്പാടുകളിലൂടെയാണ് മരണത്തെ നോക്കിക്കാണുന്നത്. അതുകൊണ്ടുതന്നെ മരണത്തെക്കുറിച്ചുള്ള യഥാർത്ഥ ചിത്രം നമുക്ക് അന്യമാവുന്നു. ശ്രീ. പി. സുരേന്ദ്രൻ പറഞ്ഞതുപോലെ ശരിക്കും മരിച്ചുകഴിഞ്ഞ് വീണ്ടും ജീവിക്കാൻ കഴിയാതെ, മരണത്തെക്കുറിച്ചുള്ള മനുഷ്യന്റെ ഒരുപാടു സമീപനങ്ങൾ എന്നും അപൂർണ്ണമായിരിക്കുകതന്നെ ചെയ്യും.

മരണത്തിനുശേഷം ഇവിടെ ബാക്കിയാവുന്നതെന്ത്...? ഒരുപിടി ഓർമ്മകളും വേദനകളും മാത്രമോ; ഒരുപക്ഷേ കാലത്തിന്റെ കുത്തൊഴുക്കിൽ വിസ്മൃതിയിലേക്ക് തള്ളപ്പെട്ടേക്കാമെങ്കിലും. എങ്കിലും മരിച്ചവർക്കായി ഒരുതുള്ളി കണ്ണീരെങ്കിലും നാം ബാക്കിവെക്കേണ്ടതില്ലേ? അവർ നമുക്കൊപ്പം പങ്കുവെച്ച സുഖദുഃഖങ്ങൾക്ക് പകരമായി? മരണം ഒരു അനിവാര്യതയാണ്. ഒരു പ്രകൃതിനിയമം. പുതിയ മുകുളങ്ങൾ വിടരുവാൻ പഴയപൂക്കൾ കൊഴിയേണ്ടതില്ലേ? പിന്നെയെന്തിന് നാം മരണമെന്ന സത്യത്തെ ഭയക്കുന്നു? ശാന്തരായി അതിനെ നേരിടുകതന്നെ. □